ന്നതിനുവേണ്ടി ഹൈദരാബാദിൽ പോയപ്പോൾ അവിടെവച്ചാണ് അദ്ദേഹം നിര്യാതനായത്. വിവിധമണ്ഡലങ്ങളിൽ പ്രശസ്ത സേവനം നടത്തിയ ഈ മൂന്നു വ്യക്തികളുടെ നിര്യാണത്തിൽ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നതിന് നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ ഏതാനും നിമിഷം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

മുകുന്ദപുരം താലൂക്കിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകനെ കൊലപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. വി.കെ. രാജൻ: സർ, തൃശ്ശൂർ ജില്ലയിൽ പടിയൂർ പ്രദേശത്ത് ഇക്കഴിഞ്ഞ രണ്ടാം തീയതി നടന്ന ഭീകരമായ കൊലപാതകത്തെ സംബന്ധിച്ച് ഈ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. ഇക്കഴിഞ്ഞ രണ്ടാം തീയതി വൈകിട്ട് ആറരമണി സമയത്തു ചെത്തുതൊഴിലാളിയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പടിയൂർ ബ്രാഞ്ച് സെക്രട്ടറിയുമായ സഖാവ് ശ്രീ. കെ.കെ. രവിയെ ശ്രീനിവാസൻ, ദേവദാസ്, രാമകൃഷ്ണൻ, പുഷ്പാംഗദൻ, ഗോപി, രാധാകൃഷ്ണൻ എന്ന ആറുപേർ ചേർന്ന് കഠിനമായി മർദ്ദിച്ചു കൊലപ്പെടുത്തിയ സംഭവം നടന്നിരിക്കുന്നു. സഖാവ് രവി വൈകിട്ടു വീട്ടിലേക്കു തിരിച്ചുപോകുന്ന സമയത്താണ് മേൽപ്പറഞ്ഞ ആറുപേർ ചേർന്നു വെട്ടുകത്തി, മടവാൾ മുതലായ മാരകായുധങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, 41 വെട്ട് സഖാവ് രവിയുടെ ദേഹത്ത് ഏൽപ്പിച്ചത്. ശിരസ്സും ശരീരവും തമ്മിൽ വേർപെടുന്നതിന് തലനാരിഴ വ്യത്യാസം മാത്രമേ അവശേഷിച്ചിരുന്നുള്ളു. അതി ഭീകരമായ ഈ കൊലപാതകം നടന്ന സാഹചര്യവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരു കർഷകത്തൊഴിലാളിയുടെ ഭാഗത്തുനിന്നുകൊണ്ട് കർഷകത്തൊഴിലാളികളുടെ ജോലിസ്ഥിരതയ്ക്കെതിരായി ഉള്ള സമരത്തിൽ സഖാവ് രവിയും കമ്മ്യൂണിസ്റ്റു പാർട്ടിയും പ്രവർത്തിച്ചു. മറുഭാഗത്ത് ജൻമിക്കുവേണ്ടി പ്രവർത്തിച്ച കുറെ ആളുകളാണ് ഈ ഭീകരമായ കൊലപാതകം നടത്തിയത് എന്നു മനസ്സിലാക്കണം. ഈ കൊല നിമിത്തം പടിയൂർ പ്രദേശത്ത് ഭയവിഹ്വലമായ അന്തരീക്ഷം നിലനിൽക്കുന്നു. ആ കൊല നടത്തിയിട്ടുള്ള ആളുകൾ ആർ.എസ്.എസ്സിന്റെ ഭാഗത്തുനിന്നുള്ള ആളുകളല്ല. എപ്പോഴും വളരെയേറെ ഇടതുപക്ഷ സ്വഭാവം സംസാരിക്കുന്നവരും നമ്മുടെ രാജ്യത്ത് തൊഴിലാളി വർഗ്ഗത്തിന്റെ അപ്പോസ്തലൻമാരെന്നു പെരുമ്പറ അടിച്ചു നടക്കുന്ന ആളുകളുമായ മാർക്സിസ്റ്റു പാർട്ടി പ്ലാൻ ചെയ്തു നടത്തിയ ഒരു അറും കൊലയാണ് അവിടെ നടന്നത്. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷത്തിൽ ഒരു സംഭവം ഉണ്ടായത് സഭയുടെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അവിടെ ഒരു ഹരിജൻ കോളനിയിൽ അതിഭീകരമായ മർദ്ദന നടപടി നിലനിന്നിരുന്നു. അവസാനമായി വൈറോണി എന്നു പറയുന്ന ഒരു പാവപ്പെട്ട ഹരിജനെ മാർക്സിസ്റ്റു പാർട്ടിയിൽപ്പെട്ട ആളുകൾ കൊലചെയ്തു. രണ്ടുമൂന്നുമാസമായി തൃശ്ശൂർ ജില്ലയിൽ ചേർപ്പ്, ചേലക്കര മണ്ഡലങ്ങളിൽ കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകർക്കെതിരായി മാർക്സിസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റു പാർട്ടി മർദ്ദന സമ്പ്രദായം സ്വീകരിച്ചിരിക്കുകയാണ്. ചേലക്കര കുറെ സംഭവം നടന്നു. ചേർപ്പ് മണ്ഡലത്തിലെ ചെമ്മാപ്പിള്ളി എന്ന സ്ഥലത്തുനിന്ന് മാർക്സിസ്റ്റു പാർട്ടിയിലെ അറുപത്തിനാല് ആളുകളെ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ വന്നതിനെത്തുടർന്ന് അവിടെ ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്. ദിനംപ്രതി മർദ്ദനങ്ങളും നടക്കുകയാണ്. ആ പശ്ചാത്തലത്തിലാണ് പടിയൂർ കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകരായ ആളുകളെ കൊല ചെയ്യുമെന്നു മുറവിളി കൂട്ടിക്കൊണ്ട് അതിഭീകരമായ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നത്. തീർച്ചയായും കർഷകത്തൊഴിലാളികളുടെ ഉള്ള നിലപാട് സ്വീകരിക്കാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി ഒരിക്കലും തയ്യാറാകരുതായിരുന്നു.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: കേരളത്തിൽ നടക്കുന്ന മുഴുവൻ സംഭവങ്ങളും.....

ശ്രീ. വി. കെ. രാജൻ: തൃശ്ശൂർ ജില്ലയിലെ സംഭവത്തിന്റെ പശ്ചാത്തലം ഞാൻ വിശദീകരിക്കുന്നുവെന്നേയുള്ളു. തൃശ്ശൂർ ജില്ലയിൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ മാർക്സിസ്റ്റു പാർട്ടിയിലെ ആളുകളും ഭീകരമായ സ്ഥിതി ഉണ്ടാക്കിയിരിക്കുന്നു.

ശ്രീ. എം.വി. രാഘവൻ: തൃശ്ശൂരിൽ മാത്രമല്ല, കേരളത്തിലെ മുഴുവൻ ആണ് പറയുന്നത്.....ഈ വേദി ഉപയോഗിച്ച് അനാവശ്യം പറയുന്നതു ശരിയാണോ?

(സഭയിൽ ബഹളം)

ശ്രീ. വി.കെ. രാജൻ: മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പരിപാടി എന്നു കേൾക്കുമ്പോൾ ശ്രീ. രാഘവനു ബേജാറുണ്ടാകും.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഇവിടെ റൂൾ 62 അനുസരിച്ച് വിശദീകരിക്കാനാണ് അവസരം കൊടുത്തത്. സീപ്പ്ക്കർ അവിടെ ഇരുന്നു കേൾക്കാതെ.....

ശ്രീ. എം.വി. രാഘവൻ: ഈ വേദി ഉപയോഗിച്ച് അനാവശ്യം പറയുന്നോ.....

ശ്രീ. വി.കെ. രാജൻ: ശ്രീ. എം.വി. രാഘവൻ ഉൾപ്പെടെയുള്ള ആളുകളെ വേദനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിരവധി കൊലപാതകങ്ങളും നടക്കുന്നു. സഖാവ് രാഘവൻ ഉൾപ്പെടെയുള്ളവരുടേത് രക്തം പുരണ്ട കൈകളാണ് സർ. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു നേരെ ഭീകരമായി അഴിച്ചുവിട്ട മർദ്ദനങ്ങളുടെയും കൊലപാതകങ്ങളുടെയും നേരെ കണ്ണടച്ചിട്ടുകാര്യമില്ല. ആർ.എസ്.എസ്സിനെതിരായി നിങ്ങൾ സംസാരിക്കുമ്പോൾ നിങ്ങളുടെ ഈ നില അവസാനിപ്പിക്കണം.

(ബഹളം)

.....മുപ്പതു വയസ്സായ ചെറുപ്പക്കാരനായ ഒരു പയ്യനാണ് സഖാവ് രവി. മൂന്നു കൊച്ചുകുട്ടികളും ഭാര്യയുമുള്ള അദ്ദേഹത്തെ, കുടുംബത്തിലെ നാഥനെ, കാപാലികരായ ആളുകൾ വധിച്ചു. ഈ സംഭവത്തെത്തുടർന്ന് പടിയൂർ ഭാഗത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നു. അതിന് തക്കതായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ: അൽപ്പംകൂടി പ്രസംഗിച്ചോട്ടെ, ഡെപ്യൂട്ടി സ്പീക്കർ സി. പി. ഐ. യുടെ ആളല്ലേ. അപ്പോഴും പിന്നെ പാർട്ടി പ്രവർത്തകനു് എന്താണു് പ്രയാസം.

(ബഹളം)

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പു്): സർ, 2.4.1979-ൽ ആറരമണിയോടുകൂടി മുകുന്ദപുരം താലൂക്കിൽ പടിയൂർ പഞ്ചായത്തിൽ വിരുത്തിപ്പറമ്പിൽ ദേവദാസു്, അയാളുടെ ജ്യേഷ്ഠൻ ശ്രീനിവാസൻ, ആണ്ടിക്കൂട്ടു രാമകൃഷ്ണൻ, ആണ്ടിക്കൂട്ടു പുഷ്പാംഗദൻ, വിരുത്തിപ്പറമ്പിൽ രാമകൃഷ്ണൻ, പെതിചേരി ഗോപി എന്നീ മാർക്സിസ്റ്റു് അനുഭാവികളും പടിയൂർ പഞ്ചായത്തിൽ കൂടക്കര വീട്ടിൽ കിട്ടുണ്ണി മകൻ 30 വയസ്സുള്ള കെ.കെ. രവിയെ അടിച്ചും കുത്തിയും വെട്ടിയും മാരകമായി മുറിവേൽപ്പിച്ചു കൊലപ്പെടുത്തി. മരണപ്പെട്ട രവി ഒരു പെത്തുതൊഴിലാളിയും സി.പി.ഐ. പടിയൂർ ബ്രാഞ്ചു് സെക്രട്ടറിയുമാണു്. ഇതേ സംബന്ധിച്ചു് ഇരിങ്ങാലക്കുട പോലീസു് ഐ.പി.സി. 143, 148, 149, 302 വകുപ്പുകളും പ്രകാരം 79-ൽ 112-ാം നമ്പരായി കേസു് രജിസ്റ്റർചെയ്തിട്ടുണ്ടു്. ഈ കേസു് ക്രൈംബ്രാഞ്ചു് അന്വേഷിച്ചുവരുന്നു. ഈ കൊലപാതകത്തിനു കാരണം പൂർവ്വവൈരാഗ്യമാണു്. രാഷ്ട്രീയമായിട്ടുള്ള കാരണങ്ങളൊന്നുംതന്നെ പറയുന്നില്ല. ഇതിനു കാരണമുണ്ടു്: രവിയും കൊച്ചപ്പൻ എന്ന മറ്റൊരാളുംകൂടി മാർച്ചുമാസം 26-ാം തീയതി രാത്രി 8 മണിക്കു് 2-ാം പ്രതി ശ്രീനിവാസന്റെ സുഹൃത്തായ ധർമ്മരാജനെ ദേഹോപദ്രവമേൽപ്പിച്ചു. ഇതുസംബന്ധിച്ചു് ഒരു കേസു് ഇരിങ്ങാലക്കുടയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടു്. സർ, ഇതിനെപ്പറ്റി മാർച്ചു് 29-ാം തീയതി, കൊല്ലപ്പെട്ട രവിയും ശ്രീനിവാസനുമായി വാക്കുതർക്കമുണ്ടായി. പക്ഷേ ഈ വാക്കുതർക്കത്തെപ്പറ്റി പോലീസിൽ ആരുംതന്നെ പരാതിപ്പെട്ടിട്ടില്ല.

ഇന്നലെ (5.4.79) ഏഴുമണിയോടുകൂടി ഈ പറഞ്ഞ എല്ലാ പ്രതികളെയും അറസ്റ്റുചെയ്യുകയും കൊലയ്ക്കുപയോഗിച്ച ആയുധങ്ങളും കണ്ടെടുക്കുകയും ചെയ്തു. ഇപ്പോൾ അവിടെ സ്ഥിതിഗതികളും ശാന്തമായിട്ടുണ്ടു്. ഇപ്പോൾ രാഷ്ട്രീയമായിട്ടുള്ള കാരണങ്ങളൊന്നും പറയുന്നില്ല; പക്ഷേ രണ്ടുവിഭാഗത്തിൽപ്പെട്ട ആളുകളായതുകൊണ്ടു രാഷ്ട്രീയമായി മാറുമോ എന്ന സംശയംമാത്രമേയുള്ളൂ. സ്ഥിതിഗതികളെല്ലാം ശാന്തമായിരിക്കുന്നതുകൊണ്ടു് കൂടുതൽ ചർച്ച ആവശ്യമില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട രാജൻ, ഈ സംസ്ഥാനത്തെ ലാ ആൻഡു് ആർഡർ സിറ്റുവേഷൻ വളരെ മോശമാണെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി വരദരാജൻനായർ ഉത്തരംപറയാൻ എഴുന്നേറ്റുനിന്നു. എന്തടിസ്ഥാനത്തിലാണെന്നു് അറിഞ്ഞാൽകൊള്ളാം.

ശ്രീ. കെ. നാരായണക്കുറുപ്പു്: പറയേണ്ടതു ഞാനാണു്, ഞാൻ പറഞ്ഞു.

[Mr. Deputy Speaker in the Chair]

## IV. നിയമനിർമ്മാണകാര്യം

### 1978-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ചു്. മുഹമ്മദുകോയ): സർ എനിക്കു് ഒന്നു സമർപ്പിക്കാനുണ്ടു്. ഈ ബില്ലിന്റെ ഉദ്ദേശം വളരെ പരിമിതമാണു്. മൂന്നു സർവ്വകലാശാലകളിലെയും നാനാവിധമായ സംഗ



LIBRARY ARCHIVES Kerala Legislative Assembly